# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി.8/664/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2.അസി.ഡവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3.ഓഫീസ് കോപ്പി

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി.8/664/23 തീയ്യതി: 28/04/2023

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 16-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-04-2023 | 27-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 27-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുജാത.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആതിര.എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആർ.ചിന്നക്കുട്ടൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിസ്സി.സി.എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജാനറ്റ് ഡാനിയൽ | കൃഷി അസി.ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.സുമേഷ്.വി.ആർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.എം.എ | സൂപ്രണ്ട്, സി.എച്ച്.സി കൊട്ടുവായൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അജിതകുമാരി.കെ | സൂപ്രണ്ട്, സി.എച്ച്.സി നന്ദിയോട് | 01-04-2021 | 31-03-2022 |
| ശ്രീമതി.ശാന്തകുമാരി.കെ | പ്രൊജക്ട് ഓഫീസർ, ഐസിഡിഎസ് | 01-04-2021 | 31-05-2021 |
| ശ്രീമതി.ഗീത.കെ | പ്രൊജക്ട് ഓഫീസർ, ഐസിഡിഎസ് | 01-06-2021 | 04-07-2021 |
| ശ്രീമതി.ഇന്ദിര.ഡി | പ്രൊജക്ട് ഓഫീസർ, ഐസിഡിഎസ് | 05-07-2021 | 31-03-2022 |
| ശ്രീ.മണികണ്ഠൻ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 13-07-2021 |
| ശ്രീ.സുരേഷ്കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-07-2021 | 31-07-2021 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2021 | 03-10-2021 |
| ശ്രീമതി.അഫ്ല.എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-10-2021 | 14-12-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-12-2021 | 13-03-2022 |
| ശ്രീ.മിഥുൻ.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-03-2022 | 31-03-2022 |
| ശ്രീ.ദിലീപ്കുമാർ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 09-09-2021 |
| ശ്രീ.അതുൽ.ആർ | വ്യവസായ വികസന ഓഫീസർ | 10-09-2021 | 30-09-2021 |

| | | | |
|---|---|---|---|
| ശ്രീ.പീതാംബരൻ.വി | വ്യവസായ വികസന ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീ.രാജീവ്.പി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 24-09-2021 |
| ശ്രീ.സുരേന്ദ്രൻ.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 25-09-2021 | 18-02-2022 |
| ശ്രീ.അജീഷ് ഭാസ്കരൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 19-02-2022 | 31-03-2022 |
| ശ്രീ.നാരായണൻ.പി | സൂപ്രണ്ട്,സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് വിട്ടുകിട്ടിയ വൃദ്ധസദനം | 01-04-2021 | 15-07-2021 |
| ശ്രീമതി.രാധിക.പി | സൂപ്രണ്ട്,സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് വിട്ടുകിട്ടിയ വൃദ്ധസദനം | 16-07-2021 | 31-03-2022 |
| ശ്രീ.ഷെരീഫ്.വൈ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-10 |
| 12 | പാലിന് സബ്സിഡി-സബ്സിഡി മാർഗരേഖയിൽ അധികരിച്ച് നൽകി | 1-11 |
| 13 | വിശപ്പുരഹിത കേരളം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-12 |
| 14 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 |
| 15 | സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 16 | കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 17 | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നെൻമേനി ശ്മശാനത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 18 | പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 19 | ലൈഫ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 20 | ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ- തുക അധികം നൽകി. | 1-19 |
| 21 | വനിത തൊഴിൽശാല കെട്ടിടനിർമ്മാണം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 22 | വനിത സ്വയംതൊഴിൽ പദ്ധതി പ്രവർത്തന വിവരം അറിയിക്കേണ്ടതാണ് | 1-21 |
| 23 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-22 |
| 24 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യലയത്തിലേക്ക് വാഹനം വാടകക്ക് | 1-23 |

| | | |
|---|---|---|
| | എടുക്കൽ -ടെണ്ടർ നടപടി സ്വീകരിക്കാതെ നടപ്പിലാക്കി | |
| 25 | സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലം പ്രവർത്തി പാതിയിൽ ഉപേക്ഷിച്ചു. | 1-24 |
| 26 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-25 |
| 27 | നിശ്ചിത സമയപരിധിയ്ക്കുകം കരാർചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല | 1-26 |
| 28 | എസ് സി വനിതാ മിനി വ്യവസായ യൂണിറ്റിന് നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിന് സബ്സിഡി-സബ്സിഡി മാർഗരേഖയിൽ അധികരിച്ച് നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് തുക നൽകിയതിന്റെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യപത്രിക | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

16-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 53,68,10,000/- രൂപയും പ്രതീക്ഷിത ചെലവ് 53,66,10,000 രൂപയും നീക്കിയിരിപ്പ് 2,00,000 രൂപയുമാണ്. ബജറ്റ് പരിഷ്കരിച്ചിട്ടില്ല.ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 53,68,10,000/- രൂപയാണെങ്കിലും യഥാർത്ഥത്തിലുള്ള വരവ് 10,62,45,350 രൂപ മാത്രമാണ്. ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും വളരെയധികം വ്യത്യാസമുണ്ട്. യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 30.06.2022 | - | - |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22 വർഷത്തിൽ കെ എസ് ഇ ബിക്ക് 538241/- മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ആയത് Advance To Implementing Agencies എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തുന്നില്ല. ക്രമീകരിക്കുവാൻ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

2.Old Age Home ന് വേണ്ടി ലഭ്യമാവുന്ന തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ബാലൻസ് തുക-₹.34229843/-

3. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

4. സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമായ ഓരോ ഫണ്ടിനത്തിനും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ വിഹിതത്തിന്റേയും മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

5.ബാലൻസ് ഷീറ്റ് പ്രകാരം (ബി4 ഷെഡ്യൂൾ ) സംയുക്തപദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള തുക 6402050/-രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 331400/- രൂപയും ഉൾപ്പെടെ 6733450/- രൂപ അവശേഷിക്കുന്നുണ്ട്.

| Head | Particulars | Amount |
|---|---|---|
| 320700403 | Contributions For Joint Venture Projects From Village Panchayath For Revenue Expenditure | 719669 |
| 320700208 | Contributions For Joint Venture Projects (For Centrally Sponsored Scheme) From Village Panchayath | 5682381 |
| 320700210 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayath | 331400 |

6. SBI Miscellaneous – അക്കൗണ്ടിൽ (നം. പി.എൻബി-67450) 31.03.21-ന് 993768/-രൂപയുടെ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പ് തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല.

7) എ സി ആർ പ്രകാരം വികസനഫണ്ട്- ജനറലിന്റെ ചെലവ് 25972216/- രൂപയാണ്. എന്നാൽ വാർഷികകണക്കിലെ ചെലവ് 25741106/- രൂപയാണ്.

ഇത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/26.04.2023) മറുപടി നൽകിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 59453826 |
| വരവ് | 106245350 |
| ആകെ | 165699176 |
| ചെലവ് | 98887718 |
| നീക്കിയിരിപ്പ് | 66811458 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം)* | 0 | 27398000 | 27398000 | 25741106 | 1656894 |
| വികസന ഫണ്ട് എസ്.സി.പി | 0 | 27617000 | 27617000 | 23409080.00 | 4207920.00 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട് ടി .എസ്.പി (ACR പ്രകാരം) | 0 | 7445000 | 7445000 | 5453274.00 | 1991726.00 |
| മെയിന്റനൻസ് നോൺ-റോഡ് (ACR പ്രകാരം) | 0 | 9769085 | 9769085 | 4763790.00 | 5005295.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New*** | 0 | 5102000+ 112280 (പലിശ) | 5214280 | 3774044 | 1440236 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New*** | 0 | 7652000 | 7652000 | 3826000 | 3826000 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 0 | 0 | 0 | 0 |

എ സി ആർ പ്രകാരം വികസനഫണ്ട്- ജനറൽ ചെലവ് 25972216/- രൂപയാണ് എന്നാൽ വാർഷികകണക്കിലെ ചെലവ് 25741106/- രൂപയാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാവുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ അഭാവത്തിൽ ഇവയുടെ വരവിന്റെ കൃത്യതയോ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ എന്നിവ പരിശോധിക്കാനോ ആയില്ല. അക്കൗണ്ടിലെ ബാലൻസ് ഷീറ്റ്, ട്രയൽ ബാലൻസ് എന്നിവയിലെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| TSC | 52464 | 1650 | 54114 | 0 | 54114 |

ബാങ്ക് ബുക്ക് പ്രകാരം ടി എസ് സി ഫണ്ടിനത്തിൽ യഥാർത്ഥത്തിൽ 74723/- രൂപ വരവുണ്ടെങ്കിലും പ്രസ്തുത വരവ് Other Items എന്ന ഹെഡിലാണ് വരവിലെടുത്തിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| IAY-plan | 14391294 | 395600 (പലിശ)+2379640 | 17166534 | 2379900 | 14786634 |
| IAY-General | 9293203 | 257665 | 9550868 | 70005 | 9480863 |
| Old Age Home | 33304483 | 925360 | 34229843 | 0 | 34229843 |

Old Age Home ന് വേണ്ടി ലഭ്യമാവുന്ന തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 109 | 174500110 | 74 | 71041058 | 0 | 35 | 67.89 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 67.89% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 40.7% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 2 | 2 | 1288500 | 1266553 | 98.29 |
| സെക്രട്ടറി | 26 | 19 | 41239272 | 31021654 | 75.22 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 2120000 | 1650000 | 77.83 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 13 | 13 | 5149099 | 5125939 | 99.55 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 7650000 | 6057825 | 79.18 |
| കൃഷി അസി.ഡയറക്ടർ | 4 | 4 | 80587990 | 8474300 | 10.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2020000 | 2020000 | 100 |

| | | | | | |
|---|---|---|---|---|---|
| വ്യവസായ വികസന ഓഫീസർ | 2 | 2 | 2100000 | 1400000 | 66.66 |
| അസി. എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 30 | 13 | 20809251 | 9456479 | 45.44 |
| അസി.എഞ്ചിനീയർ, തസ്വഭവ | 22 | 12 | 11135998 | 4168308 | 37.4 |
| സൂപ്രണ്ട്, വൃദ്ധ സദനം | 1 | 1 | 40000 | 40000 | 100 |
| ആകെ | 109 | 74 | 174500110 | 71041058 | 40.7 |

കൃഷി അസി.ഡയറക്ടർ തൻവർഷത്തെ ആകെ അടങ്കലിന്റെ 10.5% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഒന്നുമില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.23 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവ് ഉണ്ടായിരുന്നില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ആസ്തികൾക്ക് തുക ചെലവഴിക്കുമ്പോൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്നും ബാക്കി തുക തിരികെ ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കുന്നില്ല.
Old Age Home ന് വേണ്ടി ലഭ്യമായിട്ടുള്ള തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്ക് ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

12.05.2022 മുതൽ 16.05.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1-4-2017 മുതൽ 30-04-2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 10 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. 01.12.22 മുതൽ 13.12.22 വരെയുള്ള തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 01.04.21 മുതൽ 31.03.22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 80 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

1-10 പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 162/22<br>പഠനമുറി ധനസഹായം |
| അടങ്കൽ | വികസനഫണ്ട് -എസ്. സി.പി<br>50,00,000 |
| ചെലവ് | (വികസനഫണ്ട് – എസ്. സി.പി)<br>35,00,000 |

25 പേർക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി 2021-22 വർഷത്തിൽ രൂപീകരിച്ച മേൽ പ്രോജക്റ്റിൽ 22 പേരുടെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് വാല്യേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

ധനസഹായ വിതരണ രജിസ്റ്റർ ( പഠനമുറി) പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 170000 രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവസാന ഗഡുവായ 30000 രൂപ കൈപ്പറ്റിയതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ തീയതി | ആകെ ക്രെഡിറ്റ് ചെയ്ത തുക |
|---|---|---|
| ശരത് . കെ, ലക്ഷം വീട്, കണ്ണൻകൊളുമ്പ്, നെന്മേനി<br>രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ -12 | 1.ബിൽ നമ്പർ - 15/21 തീ 21/12/21<br>തുക 50000/-<br>2. ബിൽ നമ്പർ - 23/21 തീ 17/02/22<br>തുക 75000/-<br>3. ബിൽ നമ്പർ - 9/22 തീ 27/08/22<br>തുക 45000/- | 170000/- |
| 2. പ്രാർത്ഥന. ആർ, D/o രാമദാസ്, കോടനായക്കൻ, മൂപ്പൻകുളം, പട്ടഞ്ചേരി<br>രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ -13 | 1.ബിൽ നമ്പർ - 15/21 തീ 21/12/21<br>തുക 50000/-<br>2. ബിൽ നമ്പർ - 13/21 തീ 1/10/22<br>തുക 75000/-<br>3. ബിൽ | 170000/- |

| | | |
|---|---|---|
| | നമ്പർ - 18/22 തീ 25/11/22<br>തുക 45000/- | |
| 3. ശരത് .എ S/o ആറു , തുമ്പിക്കാട്, വടവന്നൂർ<br>രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ -19 | 1.ബിൽ നമ്പർ - 16/21 തീ 11/1/22<br>തുക 50000/-<br>2. ബിൽ നമ്പർ - 23/21 തീ 17/02/22<br>തുക 75000/-<br>3. ബിൽ നമ്പർ - 03/22 തീ 09/06/22<br>തുക 45000/- | |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 1/19-04-2023 ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നമ്പർ 1 മെയിൻ വാർപ്പും പ്ലാസ്റ്ററിങ്ങും കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 3 ന്റെ മെയിൻ വാർപ്പം കഴിഞ്ഞതായും പണി പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2 ന്റെ സ്പിൽ ഓവർ പ്രോജക്ടിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-11 പാലിന് സബ്സിഡി-സബ്സിഡി മാർഗരേഖയിൽ അധികരിച്ച് നൽകി

പ്രോജക്ട് നമ്പർ/ പേര് -47/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നിർവഹണ ഉദ്യാഗസ്ഥന്‍- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-20,00,000/-വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ്- 20,00,000/-

ബിൽ നമ്പർ - 1/21-22 തീയതി- 5-01-22

ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ക്ഷീരകർഷകന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ആകെ 4 രൂപ ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. സബ്സിഡി തുക ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. ഒരു ക്ഷീരകർഷകന് വർഷത്തിൽ പരമാവധി നൽകാവുന്ന സബ്സിഡി തുക 40000/- രൂപയാണ്.

സബ്സിഡി അനുവദിച്ച രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സബ്സിഡി അനുവദിച്ച ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിഹിതവും, ഗ്രാമപഞ്ചായത്ത് മുഖേന ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ അധികം തുക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണ | ബ്ലോക്ക് | മുതലമട ഗ്രാമ | ജില്ലാ | ആകെ | അധികം |
|---|---|---|---|---|---|

| ഭോക്താവിന്റെ പേര് /ബാങ്ക് അക്കൗണ്ട് നമ്പർ | പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി | പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി (ബിൽ റഫറൻസ് നമ്പർ 21140652023 401465320 തീ 25.03.2022) | പഞ്ചായത്ത് വിഹിതം (ബിൽ റഫറൻസ് നമ്പർ 21140652023 401500564 തീ 27.03.2022) | | നല്കിയത് |
|---|---|---|---|---|---|
| ലളിത രാമകൃഷ്ണൻ IFS Code -FDRL00011928 അക്കൌണ്ട് നമ്പർ -10860100139992 | 39850 | 32154 | 13172 | 85176 | 45176 |
| രാമലിംഗം IFS Code -SBIN001198 അക്കൌണ്ട് നമ്പർ -2216485797 | 20083 | 16482 | 5953 | 42518 | 2518 |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.22/2018, 14.2.18 ലെ ഖ.6.2.8 അനുസരിച്ച് ക്ഷീരകർകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000 രൂപയാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും തുക വകയിരുത്തിയതിന്റേയും ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിന്റേയും വിവരം പരിശോധിക്കാതെ പരിധിയിൽ കവിഞ്ഞ് തുക നല്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 13-26/04/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നല്കിയ തുക ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം 47694/-(45176+ 2518)രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഇത്തരത്തിൽ മറ്റ് ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റുമായി ഒത്തുനോക്കി സബ്സിഡി അധികം അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് തുക അധികം നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഖ.3-1 കൂടി കാണുക)

## 1-12 വിശപ്പുരഹിത കേരളം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 143/22 (വിശപ്പുരഹിത കേരളം പദ്ധതിയ്ക്കുള്ള ബ്ലോക്ക് |

| | |
|---|---|
| | വിഹിതം നൽകൽ- സ്പിൽഓവർ) |
| അടങ്കൽ | ₹.10000/-( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹.9930/- |
| റിക്വിസിഷൻ നം/ തിയതി | 201070001210097/25.03.2022 |

2021-22 സാമ്പത്തിക വർഷം വിശപ്പുരഹിത കേരളം പദ്ധതിയ്ക്കുള്ള ബ്ലോക്ക് വിഹിതമായി കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് 9930/-രൂപ നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.5/24.04.2023) മറുപടി നൽകിയിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-13 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 10/22 (ഊട്ടറ ചെങ്ങംപൊറ്റ ആനമാറി റോഡ് നവീകരണം കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് (നബാർഡ്) ബ്ലോക്ക് വിഹിതം വകയിരുത്തൽ) |
| അടങ്കൽ | ₹.400000/-( വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹.382365/- |
| ബിൽ നം/ തിയതി | 15/08.02.2022, ₹.382365/- |

നബാർഡ്-ആർ.ഐ.ഡി.എഫ് ട്രാഞ്ചെ-XXIV-ൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ചെങ്ങംപൊറ്റ പാലം ഉൾപ്പെടുന്ന ഊട്ടറ ചെങ്ങംപൊറ്റ ആനമാറി റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പ്രസ്തുത പ്രവർത്തി നടപ്പിലാക്കുന്ന പ്രദേശത്ത് കൊല്ലങ്കോട്, മുതലമട ഇലക്ട്രിക്ക് സെക്ഷനുകളുടെ കീഴിൽ വരുന്ന ഇലക്ട്രിക്ക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിനായി 95458/- രൂപ മുതലമട ഇലക്ട്രിക്ക് സെക്ഷനും (A/c No. 57042839331) 286907/- രൂപ കൊല്ലങ്കോട് ഇലക്ട്രിക്ക് സെക്ഷനും (A/c No.67042462721) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/24.04.2023) കൊല്ലങ്കോട് ഇലക്ട്രിക്ക് സെക്ഷനിൽ നിന്നുള്ള 286907/- രൂപയുടെ വിനിയോഗ വിവരം ഹാജരാക്കി.
മുതലമട ഇലക്ട്രിക്ക് സെക്ഷനിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-14 സാക്ഷരതാ തുല്യതാ പരിപാടി- രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 15/22 (പ്ലസ് ടു, പത്താം ക്ലാസ്സ് തുല്യതാ പരിശീലനം ഫീസ് ലഭ്യമാക്കൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 100000/- ( വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 99500/- |
| ബിൽ നം | 27/21-22, തിയതി.23.03.22, തുക.99500/- |

ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്ലസ് ടു, പത്താം ക്ലാസ്സ് തുല്യതാ പരിശീലനം ഫീസ് ലഭ്യമാക്കൽ എന്ന പദ്ധതി പ്രകാരം 38 പേർക്ക് 1750/- രൂപ നിരക്കിൽ പത്താം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 66500/- രൂപ കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 57026996123 അക്കൗണ്ടിലേയ്ക്കും 15 പേർക്ക് 2200/- രൂപ നിരക്കിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 33000/- രൂപ കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ യൂക്കോ ബാങ്കിലുള്ള 02880100113107 അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7/24.04.2023) ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കി.

പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവയും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ പരീക്ഷ ഫീസിനത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-15 കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 158/22 ( കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് ബ്ലോക്ക് വിഹിതം നൽകൽ) |
| അടങ്കൽ | ₹.4591440/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹.3826000/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |

| | |
|---|---|
| | |
| വൗച്ചർ നം/ തിയതി | 22100559, തിയതി.10.03.2022 |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ₹.3826000/- പാലക്കാട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് (നം.30074914685) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/24.04.2023) മറുപടി നൽകിയിട്ടില്ല.
പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-16 കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നെൻമേനി ശ്മശാനത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 148/22 ( കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നെൻമേനി ശ്മശാനത്തിന് ബ്ലോക്ക് വിഹിതം നൽകൽ-സ്പിൽഓവർ) |
| അടങ്കൽ | ₹.1000000/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹.999000/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/ തിയതി | 1) 4/21-22, തിയതി.12.11.2021, ₹.600000/-<br>2) 9/21-22, തിയതി.28.12.2021, ₹.399000/- |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നെന്മേനി ശ്മശാനത്തിന് ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ആകെ ₹.999000/- കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് (നം.799011400001373) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/24.04.2023) മറുപടി ലഭിച്ചിട്ടില്ല.

പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-17 പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 179/22 ( പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് ബ്ലോക്ക് വിഹിതം നൽകൽ) |
| അടങ്കൽ | ₹.2750000/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹.2750000/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം/ തിയതി | 28/21-22, തിയതി.23.03.2022 |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന് ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ₹.2750000/- പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് (നം.799013100000770) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.3/24.04.2023) മറുപടി നൽകിയിട്ടില്ല.
പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, ക്രിമിറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-18 ലൈഫ് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ലൈഫ് പാർപ്പിട പദ്ധതി 2 പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ലൈഫ് ബ്ലോക്ക് വിഹിതം - ജനറൽ

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം.- 3/22

അടങ്കൽ - 3538000 ( വികസന ഫണ്ട് -ജനറൽ)

ചെലവ് - 3150000/-

ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | റിക്വിസിഷൻ നം/ |
|---|---|---|
| പട്ടഞ്ചേരി | 160000 | 2010710001210015/ 05.10.2021 |

| | | |
|---|---|---|
| | 60000 | 2010710001210050/ 19.01.2022 |
| | 100000 | 2010710001210022/ 16.10.2021 |
| | 100000 | 2010710001210034/ 20.12.2021 |
| കൊല്ലങ്കോട് | 30000 | 2010710001210036/ 24.12.2021 |
| | 300000 | 2010710001210017/ 12.10.2021 |
| | 160000 | 2010710001210021/ 16.10.2022 |
| | 40000 | 2010710001210093/ 23.12.2021 |
| മുതലമട | 120000 | 2010710001210018/ 12.10.2021 |
| പുതുനഗരം | 160000 | 2010710001210019/ 12.10.2021 |
| | 640000 | 2010710001210082/ 15.03.2022 |
| | 600000 | 2010710001210039/ 27.12.2021 |
| പെരുവെമ്പ് | 300000 | 2010710001210072/ 04.03.2022 |
| | 380000 | 2010710001210081/ 15.03.2022 |
| ആകെ | 3150000 | |

2. ലൈഫ് ബ്ലോക്ക് വിഹിതം (എസ്.സി.പി)

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം. - 4/22

അടങ്കൽ - ₹. 10022514/- (വികസനഫണ്ട്- പട്ടികജാതി വിഭാഗം)

ചെലവ് -₹.9974554/-

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക | റിക്വിസിഷൻ നം/ തിയതി |
|---|---|---|
| പട്ടഞ്ചേരി | 1000000/- | 2010710001210002/ 29.06.2021 |
| കൊടുവായൂർ | 1401000 | 2010710001210062/ 19.02.2022 |
| കൊല്ലങ്കോട് | 400000 | 2010710001210033/ |

| | | |
|---|---|---|
| | | 10.12.2021 |
| | 1140000 | 2010710001210037/ 24.12.2021 |
| | 1500000 | 2010710001210058/ 17.02.2022 |
| | 60000 | 2010710001210059/ 17.02.2022 |
| | 320000 | 2010710001210065/ 22.02.2022 |
| | 800000 | 2010710001210085/ 16.03.2022 |
| | 40000 | 2010710001210088/ 18.03.2022 |
| | 560000 | 2010710001210073/ 04.03.2022 |
| | 380000 | 2010710001210071/ 03.03.2022 |
| മുതലമട | 400000 | 2010710001210027/ 26.11.2021 |
| | 53554 | 2010710001210044/ 29.12.2021 |
| | 80000 | 2010710001210086/ 17.03.2022 |
| പുതുനഗരം | 540000 | 2010710001210024/ 27.10.2021 |
| | 680000 | 2010710001210042/ 27.12.2021 |
| | 200000 | 2010710001210048/ 07.01.2022 |
| വടവന്നൂർ | 420000 | 2010710001210055/ 11.02.2022 |
| ആകെ | 9974554 | |

മേൽ പ്രോജക്ടുകൾ പ്രകാരം നൽകിയ തുക ഗ്രാമപഞ്ചായത്തുകൾ വിനിയോഗിച്ചതിന്റെ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.14/26.04.2023) മറുപടി നൽകിയിട്ടില്ല

വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

1-19 ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ- തുക അധികം നൽകി.

| | |
|---|---|
| പ്രോജക്ട് നം. | 70/22 (ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 59805/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നം | 5/30.11.21, ₹.59805/- |

ബ്ലോക്ക് പഞ്ചായത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി ഫോട്ടോകോപ്പിയർ വാങ്ങൽ എന്നതാണ് പദ്ധതി.

പദ്ധതിയുടെ ഭാഗമായി ഫോട്ടോകോപ്പിയർ Cprcs മുഖേന വാങ്ങുന്നതിനായി 59805/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേയ്ക്ക് (A/c No.799011400003959) മുൻകൂറായി നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയ്സ് നം.TVM/ITBG/PI/RC/32213/20-21, Dtd.20.11.2021).

ഫയലിൽ സൂക്ഷിച്ചിട്ടുള്ള E-way ബിൽ നം.241396876262, തിയതി. 20.02.2022 പ്രകാരവും ടാക്സ് ഇൻവോയ്സ് നം.MHI2293185853/16.02.2022 പ്രകാരവും ജി.എസ്.ടി അടക്കമുള്ള വില 57505.92/- രൂപയാണ്. അധികമായി 2299/- രൂപ നൽകിയിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/24.04.2023) മറുപടി നൽകിയിട്ടില്ല.

അധികമായി നൽകിയ 2299/- രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്.

1-20 വനിത തൊഴിൽശാല കെട്ടിടനിർമ്മാണം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | 184/22 (പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽശാല കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ) |
| അടങ്കൽ | ₹.2448937/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹.2448937/-<br>( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| വൗച്ചർ നം/ തിയതി | 22100463/15.02.2022 |

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ കേന്ദ്രധനകാര്യക്കമ്മീഷൻ - സി.എഫ്.സി ഫണ്ട് വിനിയോഗിക്കാനുള്ള പ്രവർത്തികളിൽ ഉൾപ്പെടുത്തിയ പെരുവെമ്പ് ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽശാല കെട്ടിടനിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി ₹.2448937/- പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക്

(നം.6246756156) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമായോ എന്നുള്ള വിവരം ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/24.04.2023) മറുപടി നൽകിയിട്ടില്ല

പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗിച്ചതിന്റെയും, പ്രവർത്തി പൂർത്തീകരിച്ചതിന്റെയും, കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമായോ എന്നതിന്റെയും വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

1-21 വനിത സ്വയംതൊഴിൽ പദ്ധതി പ്രവർത്തന വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 29/22 (വനിതാ ഗ്രൂപ്പുകൾക്ക് വ്യവസായം സ്വയംതൊഴിൽ ചെയ്യുന്നതിന് സബ്സിഡി നൽകൽ) |
| അടങ്കൽ | ₹.400000/- (200000-വികസനഫണ്ട്-ജനറൽ, 200000-മറ്റുള്ളവ) |
| ചെലവ് | ₹.200000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം/ തിയതി | 3/21-22, തിയതി.08.09.2021 |

വനിതാ ഗ്രൂപ്പുകൾക്ക് വ്യവസായം, സ്വയംതൊഴിൽ ചെയ്യുന്നതിന് സബ്സിഡി നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി 5 വനിതകൾ ഉൾപ്പെട്ട വനിതാ കുടുംബശ്രീ കൊല്ലങ്കോട് ഗ്രൂപ്പിന് വനിതാ ഫുഡ് കോർണർ എന്ന സ്ഥാപനം (ഫുഡ് പ്രോഡക്ട്/ ബേക്കറി പ്രോഡക്ട് യൂണിറ്റ്) തുടങ്ങുന്നതിന് സബ്സിഡിയായി ₹.200000/- കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് (നം.10002060000006) നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വരുമാനം കുറഞ്ഞതിനാൽ സ്ഥാപനം തുടർന്ന് കൊണ്ടു പോകുന്നതിന് സാധിക്കുന്നില്ലെന്നും ബാങ്ക് ലോൺ അടച്ച് തീർന്നിട്ടില്ലെന്നും നിലവിൽ സബ്സിഡി തുക ബാങ്കിൽ നിന്നും അനുവദിച്ചിട്ടില്ലെന്നും വ്യക്തമായി.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ടി സ്വയംതൊഴിൽ യൂണിറ്റിന്റെ ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ്, കാഷ് ബുക്ക്, മിനുട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (സ്ത്രീകളുടെയും കുട്ടികളുടെയും വികസനം) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് തുക കൈമാറിയല്ലാതെ മറ്റു തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഇല്ല.

നിലവിൽ മേൽപ്പറഞ്ഞ സ്വയംതൊഴിൽ സ്ഥാപനം പ്രവർത്തിക്കാത്തതിനാൽ ടി സ്ഥാപനത്തിന് അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/26.04.2023) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) വനിതാ കുടുംബശ്രീ കൊല്ലങ്കോട് ഗ്രൂപ്പിലെ വനിതാ ഫുഡ് കോർണർ എന്ന സ്ഥാപനത്തിന്റെ ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ്, കാഷ് ബുക്ക്, മിനുട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) നിലവിൽ പ്രവർത്തിക്കാത്ത ആരംഭിച്ചിട്ടില്ലാത്ത വനിതാ കുടുംബശ്രീ കൊല്ലങ്കോട് ഗ്രൂപ്പിന് (വനിതാ ഫുഡ് കോർണർ) വേണ്ടി അനുവദിച്ച തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. കുടുംബശ്രീ യൂണിറ്റിൽ നിന്നും തുക തിരികെ ഈടാക്കി അടവാക്കുന്നത് വരെ ₹200000/- തടസ്സത്തിൽ വെയ്ക്കുന്നു.

3) യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി സബ്സിഡി അനുവദിച്ച ഗ്രൂപ്പുകളുടെ പ്രവർത്തനം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്.

## 1-22 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ നടത്തിയതിന്റെ ടെണ്ടർ ഫോം വില ഇനത്തിൽ 2020-21 മുതൽ 25.4.2023വരെ ലഭ്യമായ ₹324645/- അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, Kollengode A/c. No. 37157331032) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/27.4.2023ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 അസി.എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യലയത്തിലേക്ക് വാഹനം വാടകക്ക് എടുക്കൽ -ടെണ്ടർ നടപടി സ്വീകരിക്കാതെ നടപ്പിലാക്കി

പ്രൊ.നം.99/22

അടങ്കൽ-380000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

നിർവ്വഹണം- അസി.എഞ്ചിനീയർ

ചെലവ്-166275/-

| ബിൽ നം. | തുക |
|---|---|
| 1/10.12.21 | 55575 |
| 3/24.12.21 | 27600 |
| 4/18.1.22 | 29910 |
| 7/17.2.22 | 26355 |
| 17/25.3.22 | 26835 |
| ആകെ | 166275/- |

അസി.എക്സിക്യുട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകക്ക് എടുക്കുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സാധാരണ ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നത്. 1/QTN/AE/LSGD/KLGD/2021,18.7.21 ക്വട്ടേഷൻ പരസ്യം എവിടെയെല്ലാം പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. 4 ക്വട്ടേഷനുകൾ ലഭിച്ചതിൽ കി.മീറ്ററിന് 15/- പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അമ്പിളി ഉദയൻ, കല്യാശ്ശേരി, കണ്ണൂർ (വെഹിക്കിൾ നമ്പർ-KL-13-AG-9191 സ്വിഫ്റ്റ് ഡിസയർ) എന്നയാളുടെ ക്വട്ടേഷൻ 22.7.21 തീയതിയിലെ 2(3) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഒരു വർഷത്തേക്കാണ് വാഹനം ഉപയോഗിക്കുന്നതിന് കരാർ ചമച്ചിട്ടുള്ളത്. 5.8.21 മുതൽ 28.2.22 വരെ വാഹനം ഉപയോഗിച്ചതിനാണ് തുക നൽകിയിട്ടുള്ളത്.

ഈ പ്രൊജക്ട് നിർവ്വഹിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)ധനകാര്യവകുപ്പിന്റെ സർക്കുലർ നം.85/2018/ഫിൻ/15.9.2018 പ്രകാരം ദീർഘകാലത്തേക്ക് വാഹനം വാടകക്ക് എടുക്കേണ്ടി വരുകയാണെങ്കിൽ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി വാങ്ങേണ്ടതാണെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് വാഹനം വാടകക്ക് എടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ 5 വർഷത്തേക്ക് വാഹനം വാടകക്ക് എടുക്കാവുന്നതാണെന്നും ആയതിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സുതാര്യമായ ടെണ്ടർ നടപടികളിലൂടെ വേണം സേവനദാതാവിനെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഈ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2)സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യർമെന്റ് മാർഗരേഖ പ്രകാരം പ്രകാരം 100000/- രൂപയ്ക്ക് മുകളിലുള്ള സേവനങ്ങൾക്ക് ഓപ്പൺ ടെണ്ടർ ബാധകമാണ്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ മുഖേന പദ്ധതി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

3) ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഇല്ല. മതിയായ പത്രപ്പരസ്യം നൽകാത്തതുമൂലം മത്സരാധിഷ്ഠിത ടെണ്ടർ ഉറപ്പുവരുത്തിയില്ല.

4)മൽസരാധിഷ്ഠിത ടെണ്ടർ നടത്തിയിരുന്നുവെങ്കിൽ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുമായിരുന്ന തുക നഷ്ടമായി.

5) ഈ സേവനം സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

6) തുക കൈപ്പറ്റിയതിന്റെ സേവനദാതാവിന്റെ രസീതി മാത്രമാണ് ഫയലിൽ ഉള്ളത്. വാഹനം ഓടിയതിന്റെ ലോഗ് ബുക്ക് /ട്രിപ്പ് ,ഷീറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

എത്ര വർഷങ്ങളായി ഇത്തരത്തിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുവാനും നിലവിൽ സ്വന്തമായി വാഹനം വാങ്ങിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വാഹനം ഓടിയതിന്റെ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലുള്ള ചെലവ് 166275/- രൂപ തടസപ്പെടുത്തുന്നു.

## 1-24 സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലം പ്രവർത്തി പാതിയിൽ ഉപേക്ഷിച്ചു.

മരാമത്ത്പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചതിനുശേഷം പ്രവർത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ അപാകതകൾ കണ്ടെത്തിയതിനാൽ പ്രവർത്തി ഉപേക്ഷിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി.

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊ.നം. 64/21(old), (New147/22) – ആട്ടയംപതി മലമ്പതി എസ് ടി കോളനി സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ - 521342/-(വികസനഫണ്ട്)

സാങ്കേതികാനുമതി-LSGD/TS/2020-21/11035,28.9.20- (6മാസം)

എഗ്രിമെന്റ് നം. 05/AEE/LSGD/KLSD/20-21,31.12.20

കരാറുകാരൻ - ശ്രീ.രൂപേഷ്കുമാർ.എ

അളവു പുസ്തകം നം. 86/18-19

ചെലവ് - ₹138623/- (ബിൽ നം.15/21-22, തീയതി-16.9.21)

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 144 മീ. നീളത്തിൽ 3 മീ. വീതിയിൽ കോളനി റോഡ് ഇന്റർ ലോക്ക് ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ 25.3.21 തീയതിയിലും 5.5.21 തീയതിയിലും നിർവ്വഹണോദ്യോഗസ്ഥന് നൽകിയ കത്ത് പ്രകാരം ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തിക്കിട്ടിയാൽ മാത്രമേ പ്രവർത്തി ആരംഭിക്കാൻ കഴിയൂ എന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. 21.5.21 ന് സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ബിൽ പ്രകാരം 138623/- രൂപയുടെ സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തി മാത്രം

കരാറുകാരന്റെ 10.12.21 തീയതിയിലെ കത്ത് പ്രകാരം സ്ഥലം ലഭ്യമാകാത്തത് മൂലം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിയില്ലെന്നും ഈ പ്രവൃത്തി നിർത്തലാക്കേണ്ടതാണെന്നും ഇതിനായി കെട്ടിവെച്ച സെക്യൂരിറ്റി തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അസി.എഞ്ചിനീയനറോട് ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുടർനടപടി വിവരം ഫയലിൽ ലഭ്യമല്ല.

സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി നിർവ്വഹിച്ചതുമൂലം പാതിവഴിയിൽ പ്രവർത്തി ഉപേക്ഷിക്കാനിടയായതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/26.4.23) മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്.
പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

| 1)പ്രൊ.നം.159/20, 117/22<br>ചാത്തുരിത്തി സൈഡ് പ്രൊട്ടക്ഷൻ ,കൊടുവായൂർ ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|
| അടങ്കൽ - | 900000/-(വികസനഫണ്ട് എസ് സി പി) | | |
| PAC- | 895725/- | | |
| കരാറുകാരൻ - | കൊടുവായൂർ കൺസ്ട്രക്ഷൻസ് | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2019-20/91293 /4.9.2019<br>പൂർത്തീകരണകാലാവധി-6മാസം | | |
| എഗ്രിമെന്റ് നം.: | 22/AEE/LSGD/KLGD /2019-20,13.11.19<br>(സപ്ലിമെന്റൽ എഗ്രിമെന്റ് 24/3/20 പ്രകാരം 12.5.20 വരെ, 12.5.20 തീ 12.8.20 വരെ) | | |
| പാർട്ട് ബിൽ | 638515/- | | |
| ബിൽ / വൗച്ചർ നം.നം. | 191595/-(ബിൽ നം. 1/20.7.21) | | |
| എം.ബുക്ക് നം. | 113/2018-19 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 12.7.20 | | |
| പൂർത്തീകരിച്ച തീയ്യതി | 11.4.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 26872 | - | 26872 |

AEE/LSGD/KLGD/33/2019-20, .2.20, 28.2.20, 10.3.20, 27.4.20, 21.5.20, 8.5.20, 21.5.20 എന്നീ തീയതികളിൽ പ്രവർത്തി ആരംഭിക്കാത്തത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 24.3.20 തീയതിയിലെ 2(2) നം തീരുമാന പ്രകാരം പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അതിനെതുടർന്ന് കരാറുകാരൻ 21.6.20 തീയതിയിലെ കത്ത് പ്രകാരം പ്രവർത്തിസ്ഥലത്തെ പ്രദേശവാസികളുടെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം കാരണം പ്രവർത്തി ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന് അറിയിച്ച് സമയം നീട്ടി നൽകുന്നതിന് ആവശ്യപ്പെട്ടു. സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതിക്കുള്ളിലും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല.

| 2)പ്രൊ.നം.146/20, 116/22<br>/ബ്ലോക്ക് പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളുടെയും റെക്കോർഡ് റൂം സജ്ജീകരണം | |
|---|---|
| അടങ്കൽ - | 750000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| PAC- | 666952.82/- |

| | | | |
|---|---|---|---|
| കരാറുകാരൻ - | ശ്രീ.പ്രമോദ് കുമാർ | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2019-20/90663 /5.9.19<br>പൂർത്തീകരണകാലാവധി-6 മാസം | | |
| എഗ്രിമെന്റ് നം.: | 26/AEE/LSGD/KLGD /2019-20,13.11.19 | | |
| പാർട്ട് ബിൽ | 273223/-,127710/-,191652/- | | |
| ബിൽ / വൗച്ചർ നം.നം. | 77844/-(ബിൽ നം. 3/30.7.21) | | |
| എം.ബുക്ക് നം. | 92/2018-19,226/18-19,153/18-19 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 12.5.20 | | |
| പൂർത്തീകരിച്ച തീയ്യതി | 27.3.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 20009 | - | 20009 |

| | | | |
|---|---|---|---|
| 3)പ്രൊ.നം.44/20, 115/22 മുതലമട ഗ്രമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ യൂണിറ്റിന് കെട്ടിടനിർമ്മാണം | | | |
| അടങ്കൽ - | 5600000(വികസനഫണ്ട് എസ് സി പി) | | |
| PAC- | 4999080/- | | |
| കരാറുകാരൻ - | ശ്രീ.പ്രമോദ് കുമാർ.ജി | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2019-20/90663/5.9.19<br>പൂർത്തീകരണകാലാവധി-12 മാസം | | |
| എഗ്രിമെന്റ് നം.: | 29/AEE/LSGD/KLGD/2019-20,13.11.19 | | |
| പാർട്ട് ബിൽ | 784968/-,291020/-,784968/-,1161514 /-,1140145/- | | |
| ബിൽ / വൗച്ചർ നം.നം. | 989451/-(ബിൽ നം. 13/31.8.21) | | |
| എം.ബുക്ക് നം. | 20/2016-17,225/18-19,80/18-19,124 /18-19,155/18-19,128/18-19 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 12.11.20 | | |
| പൂർത്തീകരിച്ച തീയ്യതി | 16.6.21 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 149972 | - | 149972/- |

| | | | |
|---|---|---|---|
| | | | ഈടാക്കാവുന്ന പരമാവധി പിഴത്തുക 100000/- |

| | | | |
|---|---|---|---|
| 4)പ്രൊ.നം.97/19, 113/22 കുരുടൻകുളമ്പ് എസ് സി കോളനി കുടിവെള്ളപദ്ധതി | | | |
| അടങ്കൽ - | 500000(വികസനഫണ്ട് എസ് സി പി) | | |
| PAC- | 483437/- | | |
| കരാറുകാരൻ - | കൊട്ടുവായൂർ കൺസ്ട്രക്ഷൻസ് | | |
| സാങ്കേതികാനുമതി | T.S-LSGD/TS/2018-19/78296 /3.7.2018<br>പൂർത്തീകരണകാലാവധി-6 മാസം | | |
| എഗ്രിമെന്റ് നം.: | 24/AEE/LSGD/KLGD /2018-19,26.9.18<br>സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം 30.6.2019 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. | | |
| പാർട്ട് ബിൽ | 77758/-, | | |
| ബിൽ / വൗച്ചർ നം.നം. | 154426/- ബിൽ നം. 13/31.8.21<br>105395/-(29/27.3.22) | | |
| എം.ബുക്ക് നം. | 18/18-19 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 25.3.2019 | | |
| പൂർത്തീകരിച്ച തീയ്യതി | 22.2.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 14503 | - | 14503 |

| | |
|---|---|
| 5)പ്രൊ.നം.148/20, 153/22 കൊട്ടുവായൂർ സി.എച്ച് സി യിലെ എക്സ് റേ റൂം നവീകരണം | |
| അടങ്കൽ - | 500000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| PAC- | 300286/- |
| കരാറുകാരൻ - | ശ്രീ.കെ.ഗോപാലൻ |
| സാങ്കേതികാനുമതി | T.S-LSGD/TS/2019-20/92964 |

| | | | |
|---|---|---|---|
| | /17.9.2019<br>പൂർത്തീകരണകാലാവധി-6 മാസം | | |
| എഗ്രിമെന്റ് നം.: | 10/AEE/LSGD/KLGD /2019-20,13.11.19 | | |
| പാർട്ട് ബിൽ | - | | |
| ബിൽ / വൗച്ചർ നം.നം. | 276570/- ബിൽ നം.27/19.3.22 | | |
| എം.ബുക്ക് നം. | 152/18-19, 232/18-19,150/18-19 | | |
| പൂർത്തീകരിക്കേണ്ട തീയ്യതി | 12.5.2020 | | |
| പൂർത്തീകരിച്ച തീയ്യതി | 9.3.22 | | |
| ഫൈൻ സംബന്ധിച്ച് | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| | 9009 | - | 9009 |

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24.4.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പിഴ തുക ₹.170393/-(26872+20009+100000+14503+9009) കരാറുകാരിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-26 നിശ്ചിത സമയപരിധിയ്ക്കകം കരാർചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് 2021-22 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ കരാറിലേർപ്പെടുന്നതിന് കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പൊതു മരാമത്ത് മാനുവൽ 2012 – പ്രകാരം കരാറുടമ്പടിയിലേർപ്പെടാൻ വൈകിയതിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 150/20,134/22 മന്നാപള്ളം തടയണ പുനരുദ്ധാരണം , കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | 900000/- വികസനഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 131805/- ( Bill No.5/ 30.07.2021)<br>പാർട്ട് ബിൽ (215766+466140) |
| കരാറുകാരന്റെ പേര് | ശ്രീ.ശിവൻ.റ്റി |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 40//AEE/LSGD/KLGD /2019-20,13.12.19<br>178/18-19,130 /18-19,234/18- |
| ടെണ്ടർ അംഗീകരിച്ച തീയ്യതി | 2(3) Datd. 9.8.2019 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | ഡി1/എസ്.എൻ.എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.എൽ.ജി.ഡി/2019-20, 30.10.2019 |
| കരാർ വെക്കേണ്ട തീയ്യതി | 14.11.2019 |
| കരാർ വെച്ച തീയ്യതി | 13.12.2019 |
| APAC | 734401.38/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 7344/- |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 7344/- |

2) 31/20132/22 ഒന്നൂർപള്ളം ഗായത്രിപുഴ ലിഫ്റ്റ് ഇറിഗേഷൻ

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | 1350000/- വികസനഫണ്ട് ജനറൽ |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 301360/- ( Bill No.8/ 31.08.2021) പാർട്ട് ബിൽ |
| കരാറുകാരന്റെ പേര് | ശ്രീ.ഇബ്രാഹിംകുട്ടി |
| കരാർ നമ്പർ, തീയ്യതി, അളവു | 36/AEE/LSGD/KLGD /2019-20,5.12.19 |

| | |
|---|---|
| പുസ്തകം, നമ്പർ | 58/2020-21 |
| ടെണ്ടർ അംഗീകരിച്ച തീയ്യതി | 2(1) Datd. 22.10.2019 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | ഡി1/എസ്.എൻഎ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.എൽ.ജി.ഡി/2019-20, 30.10.2019 |
| കരാർ വെക്കേണ്ട തീയ്യതി | 14.11.2019 |
| കരാർ വെച്ച തീയ്യതി | 5.12.2019 |
| APAC | 922400.72/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 9224/- |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 9224/- |

3) 55/21,123/22 മടിയൻ പാടം എസ് സി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | 650000/- വികസനഫണ്ട് എസ് സി പി |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 443900/-<br>( Bill No.9/31.08.2021) |
| കരാറുകാരന്റെ പേര് | ശ്രീ.ആർ.മോഹനൻ |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 05/AEE/LSGD/KLGD/ 2020-21, 4.1.21<br>125/18-19,129/18-19,136/ 18-19 |
| ടെണ്ടർ അംഗീകരിച്ച തീയ്യതി | 1(1) Datd. 6.11.2020 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | ഡി1/എസ്.എൻ.എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.എൽ.ജി.ഡി/2020-21, 21.12.2020 |

| | |
|---|---|
| കരാർ വെക്കേണ്ട തീയ്യതി | 30.11.20 |
| കരാർ വെച്ച തീയ്യതി | 4.1.2021 |
| APAC | 579694.62/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 5797/- |
| ഈടാക്കിയ തുക | 0 |
| ബാക്കി ഈടാക്കേണ്ട തുക | 5797/- |

4) 79/21,125/22 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് കോൺഫറൻസ് ഹാൾ

| | |
|---|---|
| അടങ്കൽ തുക, ഫണ്ടിനം | 1100000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് തുക , ബിൽ നമ്പർ, തീയ്യതി | 345680/- ( Bill No.26/317.2.22)<br>433219/-(30/27.3.22) |
| കരാറുകാരന്റെ പേര് | ശ്രീ.പ്രമോദ് കുമാർ.ജി |
| കരാർ നമ്പർ, തീയ്യതി, അളവു പുസ്തകം, നമ്പർ | 01/AEE/LSGD/KLGD/ 2020-21, 7.5.21<br>157/18-19 |
| ടെണ്ടർ അംഗീകരിച്ച തീയ്യതി | 1(1) Datd. 26.2.2021 |
| സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | എസ്എൻ2/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.എൽ.ജി.ഡി /2020-21, 4.5.2021 |
| കരാർ വെക്കേണ്ട തീയ്യതി | 22.3.21 |
| കരാർ വെച്ച തീയ്യതി | 7.5.21 |
| APAC | 852130/- |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 8521/- |
| ഈടാക്കിയ തുക | 0 |

| | |
|---|---|
| ബാക്കി ഈടാക്കേണ്ട തുക | 8521/- |

ഈ പ്രവൃത്തിയിൽ ഭരണസമിതി തീരുമാനം എടുത്തതിനുശേഷം സമയബന്ധിതമായി സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല.

കരാറുടമ്പടിയിലേർപ്പെടാനുള്ള കാലതാമസത്തിന് നിയമാനുസൃതം പിഴ ഈടാക്കാത്ത നടപടിയിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/24.4.23) മറുപടി നൽകിയില്ല.
ആയതിനാൽ ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 30886/-രൂപ ( 7344+ 9224+ 5797+ 8521) അതത് പ്രവൃത്തികൾ നിർവഹിച്ച കാരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 എസ് സി വനിതാ മിനി വ്യവസായ യൂണിറ്റിന് നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല

പ്രൊ.നം.44/20, 115/22

പ്രൊജക്ടിന്റെ പേര്-മുതലമട ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ യൂണിറ്റിന് കെട്ടിടനിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മുതലമട ഗ്രാമപഞ്ചായത്തിൽ മിനി വ്യവസായ യൂണിറ്റ് നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മുതലമട ഗ്രാമപഞ്ചായത്തിലെ ഗോവിന്ദാപുരം ബസ് സ്റ്റാന്റ് കോമ്പൗണ്ടിൽ എം.സി എഫ് കെട്ടിടത്തിന് സമീപത്തായി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 2021-22 വർഷത്തിൽ ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| അടങ്കൽ - | 5600000 (വികസനഫണ്ട് എസ് സി പി) |
| PAC- | 4999080/- |
| കരാറുകാരൻ - | ശ്രീ.പ്രമോദ് കുമാർ.ജി |
| സാങ്കേതികാനുമതി | T.S-LSGD/TS/2019-20 /90663/5.9.19<br>പൂർത്തീകരണകാലാവധി-12 മാസം |
| എഗ്രിമെന്റ് നം.: | 29/AEE/LSGD/KLGD /2019-20,13.11.19 |
| പാർട്ട് ബിൽ | 784968/-,291020 /-,784968/-,1161514 /-,1140145/- |
| ബിൽ / വൗച്ചർ നം.നം. | 989451/-(ബിൽ നം. 13/31.8.21) |
| എം.ബുക്ക് നം. | 20/2016-17,225/18-19,80 /18-19,124/18-19,155 /18-19,128/18-19 |

ഈ പ്രൊജക്റ്റ് പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയാക്കിയെങ്കിലും നാളിതുവരെയും കെട്ടിടം എസ് സി വനിതാ യൂണിറ്റുകൾക്ക് വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി നൽകിയിട്ടില്ല. 26.4.2023 ന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ ശ്രീ.മണികണ്ഠൻ ജോയിന്റ് ബി.ഡി.ഒ യുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം പരിശോധന നടത്തിയതിൽ ഈ കെട്ടിടം പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. ഫോട്ടോ ചേർക്കുന്നു.



കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം മുതലമട ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എസ് സി ഗ്രൂപ്പുകളെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഈ കെട്ടിടം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/26.4.23) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറി എസ് സി വനിതകളുടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി-സബ്സിഡി മാർഗരേഖയിൽ അധികരിച്ച് നൽകി

പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് -47/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നിർവഹണ ഉദ്യാഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-20,00,000/-വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ്- 20,00,000/-

ബിൽ നമ്പർ - ബിൽ നമ്പർ 1/21-22 തീ 5-01-22

ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ക്ഷീരകർഷകന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ആകെ 4 രൂപ ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. സബ്സിഡി തുക ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. ഒരു ക്ഷീരകർഷകന് വർഷത്തിൽ പരമാവധി നൽകാവുന്ന സബ്സിഡി തുക 40000/- രൂപയാണ്.

സബ്സിഡി അനുവദിച്ച രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സബ്സിഡി അനുവദിച്ച ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിഹിതവും, ഗ്രാമപഞ്ചായത്ത് മുഖേന ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ അധികം തുക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണ ഭോക്താ വിന്റെ പേര് /ബാങ്ക് അക്കൗണ്ട് നമ്പർ | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി | മുതലമട ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി (ബിൽ റഫറൻസ് നമ്പർ 21140652023401465320 തീ 25.03.2022) | ജില്ലാ പഞ്ചായത്ത് വിഹിതം (ബിൽ റഫറൻസ് നമ്പർ 21140652023401500564 തീ 27.03.2022) | ആകെ | അധികം നല്കിയത് |
|---|---|---|---|---|---|
| ലളിത രാമകൃഷ്ണൻ IFS Code -FDRL00011928 അക്കൌണ്ട് നമ്പർ - 10860100139992 | 39850 | 32154 | 13172 | 85176 | 45176 |
| രാമലിംഗം IFS Code -SBIN001198 അക്കൌണ്ട് നമ്പർ - 2216485797 | 20083 | 16482 | 5953 | 42518 | 2518 |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.22/2018, 14.2.18 ലെ ഖ.6.2.8 അനുസരിച്ച് ക്ഷീരകർകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വർഷം നല്കാവുന്ന പരമാവധി തുക 40000 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും തുക വകയിരുത്തിയതിന്റേയും ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിന്റേയും വിവരം പരിശോധിക്കാതെ പരിധിയിൽ കവിഞ്ഞ് തുക നല്കാനുണ്ടായ സാഹചര്യം

വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 13-26/04/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നല്കിയ തുക ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം 47694/- (45176+ 2518) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 17-4-2023 മുതൽ 27-4-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപദ്ധതികൾക്കായി തുക ലഭ്യമായതിന്റെയും ചെലഴിച്ചതിന്റെയും വിവരം രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കിൽ വരവ് ഭാഗത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭ്യമായിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തിയിട്ടില്ല

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചാ യത്ത് | 2018-19 | 2958381 | പി.എം. എ.വൈ | 290000 | 58381 |
| | 2018-19 | 719,669 | Revenue Expenditure | 0 | 719669 |
| | 2020-21 | 4012000 | PMAY | 3733000 | 279000 |
| | 2021-22 | 5345000 | PMAY | 5345000 | 5345000 |
| | ആകെ | | | | 6402050 |
| ജില്ലാ പഞ്ചാ യത്ത് | 2019-20 | 331400 | ഐ.എ. വൈ- പ്ലാൻ | 0 | 331400 |

ബാലൻസ് ഷീറ്റ് പ്രകാരം (ബി4 ഷെഡ്യൂൾ ) സംയുക്തപദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള തുക 6402050/-രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച 331400/- രൂപയും ഉൾപ്പെടെ 6733450/- രൂപ അവശേഷിക്കുന്നുണ്ട്.

### 4-3 ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് തുക നൽകിയതിന്റെ വിവരം

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോ സിറ്റ് തുക | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KSEB | 10/22 (ഊട്ടറ ചെങ്ങംപൊറ്റ ആനമാറി റോഡ് നവീകരണം കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് (നബാർഡ്) ബ്ലോക്ക് വിഹിതം വകയിരുത്തൽ) | 15/ 08.02.2022 | ₹.382365/- | 95458/- രൂപ (മുതലമട ഇലക്ട്രിക്ക് സെക്ഷൻ)UC ലഭ്യമായില്ല |
| | 178/22 (ഊട്ടറ ചെങ്ങംപൊറ്റ ആനമാറി റോഡ് നവീകരണം കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് (നബാർഡ്) ബ്ലോക്ക് വിഹിതം വകയിരുത്തൽ) | 22100582/26.03.2022 | ₹.155876/- | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സർ കെട്ടിട നിർമ്മാണം | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| | 11 | | | സി.എച്ച്.സി കൊടുവായൂർ- നിർമ്മാണം | |
| | 14 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| 99-00 | 9എ | | | സി.എച്ച്.സി കൊടുവായൂർ- നിർമ്മാണം | |
| | 16(3) | | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | | വടവന്നൂർ ക്കാരപറമ്പ് തോട്ടിൽ തടയണ | |
| | 19 | | | അളവു പുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | | പൈപ്പ് വാങ്ങിയതിലെ ചെലവ് | |
| 2003-04 | 3-2 | 2007-08 | 3.1.24(1) | പറമ്പിക്കുളം കുടിവെള്ള പദ്ധതി - പ്രവൃത്തി ലക്ഷ്യം കണ്ടില്ല. | സമിതി വിഷയം പരിഗണി ച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| 2005-06 | 3-2 | 2007-08 | 3.1.24(2) | തേക്കടി മുപ്പതേക്കർ കോളനിയിൽ ആദിവാസികൾക്ക് വീട് നിർമ്മാണം- ഡി.എഫ്.ഒ നെന്മാറയ്ക്ക് നൽകിയ പ്ലാൻ ഫണ്ട്- തുക | |

| | | | | | |
|---|---|---|---|---|---|
| | | | | വിനിയോഗിച്ചില്ല | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ വരവില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ വരവില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹165699176 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹98887718 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹47694/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹366275/- |

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 47694/- | ശ്രീ.ജയപ്രകാശ്.സി.സി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 170393 | ശ്രീ.സുമേഷ്.വി.ആർ, അസി.എക്സി.എഞ്ചിനീയർ |
| 1-26 | 30886 | ശ്രീ.സുമേഷ്.വി.ആർ, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 201279 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 200000 | ശ്രീ. ദിലീപ്കുമാർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-23 | 166275 | ശ്രീ.ഷെരീഫ്. വൈ, അസി.എഞ്ചിനീയർ |
| ആകെ | 366275 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയപ്രകാശ്.സി.സി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | ചുങ്കത്തൊടി ഹൗസ് പന്നിയങ്കര പി.ഒ, പാലക്കാട്- 678683 |
| ശ്രീ.സുമേഷ്.വി.ആർ, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | രമ നിവാസ്, ടിസി16/1601, ജഗതി,തൈക്കാട്, തിരുവനന്തപുരം |
| ശ്രീ. ദിലീപ്കുമാർ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ഉപജില്ലാ വ്യവസായ വികസന ഓഫീസർ, ചിറ്റൂർ | നെടുമ്പള്ളം, വണ്ടിത്താവളം, പാലക്കാട് |
| ശ്രീ.ഷെരീഫ്. വൈ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പെരുവെമ്പ് ഗ്രാമപഞ്ചായത്ത് | സമഹ് മൻസിൽ, ബിസ്മി നഗർ, നണ്ടൻകിഴായ, ആനമാറി, കൊല്ലങ്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |

| | | |
|---|---|---|
| 1999-2000 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | KSA-PKD.8 /360/18(1)/2-06-2018 | 5 |
| 2001-02 | KSA-PKD-8/2474/22/ 24.11.22 | 7 |
| 2002-03 | KSA-PKD8 /360/18(3)/2-06-2018 | 8 |
| 2003-04 | KSA-PKD-25 /360/18(4) /2-06-2018 | 8 |
| 2004-05 | KSA-PKD-25 /360/18(5) /2-06-2018 | 1 |
| 2005-06 | KSA-PKD-8 /438/22/14-3-2022 | 2 |
| 2006-07 | KSA-PKD-8/2474/22/ 24.11.22 | 0 |
| 2007-08 | KSA-PKD-25 /1233/11/20-05-2020 | 4 |
| 2008-09 | KSA-PKD-25 /1234/11 /20-05-2020 | 4 |
| 2009-10 2010-11 | KSA-PKD-8/2474/22/ 24.11.22 | 7 |
| 2011-12 | KSA-PKD-8/1006/712/22 /31-03-2022 | 7 |
| 2012-13, 2013-14, 2014-15 | KSA-PKD-8/2474/22/ 24.11.22 | 6 |
| 2015-16 | KSA-PKD-8/2474/22/ 24.11.22 | 5 |
| 2016-17 | KSA-PKD-8/2474/22/ 24.11.22 | 6 |
| 2017-18 | KSA-PKD-8/2474/22/ 24.11.22 | 4 |
| 2018-19 | KSA-PKD-8/2474/22/ 24.11.22 | 6 |
| 2019-20 | KSA-PKD8/1449 | 19 |
| 2020-21 | KSA-PKD8/1450/22/ 23.08.2022 | 18 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -3

## വാർഷികധനകാര്യപത്രിക

**Kollengode Block Panchayat**

INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 6000.00 |
| 140000000 | Fee & User Charges | I-4(b) | 65527.00 |
| 150000000 | Sale & Hire Charges | I-5(b) | 1150.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 23479.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 71350941.00 |
| 171000000 | Interest Earned | I-8 | 404641.00 |
| 180000000 | Other Income | I-9 | 34000.00 |
| | Total Income | | 71885738.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2544830.00 |
| 220000000 | Administrative Expenses | I-11(b) | 941188.00 |
| 230000000 | Operations & Maintenance | I-12(b) | 7143750.00 |
| 240000000 | Interest & Finance Charges | I-13 | 5.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11955711.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 44679265.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2759606.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 107386.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 1696400.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 5499654.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1012500.00 |
| | Total Expenditure | | 78340295.00 |
| | Gross Surplus / Deficit of income over Expenditure | | -6454557.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 348847.00 |
| | Net difference (Prior period Income - Prior period Expenditure) | | -6803404.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

## Kollengode Block Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 59453826.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 65527.00 |
| 150000000 | Sale & Hire Charges | RP-5 | 1150.00 |
| 151000000 | Receipts from Transferred Institutions | RP-6 | 23479.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69419936.00 |
| 171000000 | Interest Earned | RP-9 | 404641.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19410455.00 |
| 350000000 | Other Liabilities | RP-36 | 2618334.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 34000.00 |
| 340000000 | Deposits Received | RP-34 | 23033.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14244795.00 |
| | Grand total | | 165699176.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2544830.00 |
| 220000000 | Administrative Expenses | RP-12 | 941188.00 |
| 230000000 | Operations & Maintenance | RP-13 | 5040351.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 11955711.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 43479265.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1760944.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 107386.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 132400.00 |
| 255000000 | Maintenance Projects | RP-20 | 5499654.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1012500.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 185948.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2574736.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 5.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 410000000 | Fixed Assets | RP-38 | 2863904.00 |
| 412000000 | Capital work in Progress | RP-40 | 6947904.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12639129.00 |
| 460000000 | Loans, Advances and Deposits | RP-47 | 1199863.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 66811458.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 165699176.00 |

| **Kollengode Block Panchayat**<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 72263445.00 |
| 312000000 | Reserves | B-3 | 105652585.00 |
| | Total Reserve & Surplus | | 177916030.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 55846800.00 |
| | Total Grants, Contributions for Specific Purposes | | 55846800.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 90033.00 |
| 350000000 | Other Liabilities | B-9 | 2618334.00 |
| | Total Current Liabilities and Provisions | | 2708367.00 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 236471197.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 153092832.00 |
| 411000000 | Accumulated Depreciation | B-11 | -331533.00 |
| 412000000 | Capital Work in Progress | B-11(a) | 2642734.00 |
| | Total Fixed Assets | | 155404033.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12640629.00 |
| 450000000 | Cash and Bank Balance | B-17 | 66811458.00 |
| 460000000 | Loans, Advances and Deposits | B-18 | 1615077.00 |
| | Total Current Assets, Loans and Advances | | 81067164.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 236471197.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ